**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5198 — 27.7.2015 -ൽ മറുപടിക്ക്

## ഓരോ ജില്ലയിലും ഒരു വില്ലേജ് ഓഫീസിനെ തെരഞ്ഞെടുത്ത് മെച്ചപ്പെട്ട സേവനം നൽകൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. വർക്കല കഹാർ | അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഓരോ ജില്ലയിലും ഒരു വില്ലേജ് ഓഫീസിനെ തെരഞ്ഞെടുത്ത് മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് സേവനം നല്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) ഓരോ ജില്ലയിലും ഒരു വില്ലേജ് ഓഫീസിനെ തെരഞ്ഞെടുത്ത് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് സേവനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സ്മാർട്ട് റവന്യൂ ഓഫീസ് എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് 'സ്മാർട്ട്' റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത്; വ്യക്തമാക്കാമോ;

(ബി) സ്മാർട്ട് റവന്യൂ ഓഫീസുകളാക്കി മാറ്റുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വില്ലേജ് ഓഫീസുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്നിവയുടെ സഹായത്തോടുകൂടിയാണ്. ഇ ഗവേണൻസുമായി ബന്ധപ്പെട്ട സേവനങ്ങൾ ഏർപ്പെടുത്തുന്നതിന് കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ, എൻ ഐ.സി എന്നീ ഏജൻസികളാണ് സഹകരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

(സി) സ്മാർട്ട് വില്ലേജ് പദ്ധതി നടത്തിപ്പിനായി ആദ്യഘട്ടമായി 14 വില്ലേജ് ഓഫീസുകളെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് തീരുമാനിക്കുകയും ആയതിൽ 13 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം ഹാബിറ്റാറ്റ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും, മലപ്പുറം ജില്ലയിലെ അമരമ്പലം വില്ലേജ് ഓഫീസിന്റെ നിർമ്മാണം ജില്ലാ നിർമ്മിതി കേന്ദ്രയെ ഏൽപ്പിക്കുകയും ചെയ്തു.

പ്രസ്തുത വില്ലേജുകളുടെ നിർമ്മാണത്തിന് ആകെ 1 കോടി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും, മേൽ തുക വിനിയോഗിച്ചു കൊണ്ട് 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വില്ലേജുകളുടെ നവീകരണം കണ്ണൂർ ജില്ലയിലൊഴികെ പൂർത്തിയായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ നവീകരണ പ്രവർത്തനം ഏകദേശം 90% പൂർത്തിയായിട്ടുണ്ട്.

സ്മാർട്ട് വില്ലേജ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി 3.29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ തുടങ്ങി 8 ജില്ലകളിലായി 11 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. പ്രസ്തുത വില്ലേജ് ഓഫീസുകളിൽ 10 എണ്ണം പ്ലാൻ ഫണ്ടിൽ നിന്നും ഒരെണ്ണം എം.എൽ.എ ഫണ്ടിൽ

നിന്നുമുള്ള തുക വിനിയോഗിച്ചുകൊണ്ട് അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയാണ് നിർമ്മാണ പ്രവർത്ത നങ്ങൾ നടന്നു വരുന്നത്.

സ്മാർട്ട് വില്ലേജ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട് തുടങ്ങി 5 ജില്ലകളിലായി 8 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരെഞ്ഞെടുത്തി ട്ടുള്ളതാണ്. പ്രസ്തുത വില്ലേജാഫീസുകളുടെ നിർമ്മാണത്തിന് 2.56 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ